**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 218** **22-07-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ പൂർത്തീകരണം എപ്പോൾ നടക്കുമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ 193.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതികളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. എനർജി മാനേജ്മെന്റിന്റെ കീഴിൽ 2013-2014ൽ സ്വകാര്യ സംരഭകർക്ക് സർക്കാർ BOOT അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ സിയാൽ ഇൻഫ്രാസ്ട്രക്ചറിന് നൽകിയ അരിപ്പാറ - 4.5 MW നിർമ്മാണം പൂർത്തിയായി ഗ്രിഡ് കണക്ഷന് വേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ 193.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതികളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. എനർജി മാനേജ്മെന്റിന്റെ കീഴിൽ 2013-2014ൽ സ്വകാര്യ സംരഭകർക്ക് സർക്കാർ BOOT അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ സിയാൽ ഇൻഫ്രാസ്ട്രക്ചറിന് നൽകിയ അരിപ്പാറ - 4.5MW നിർമ്മാണം പൂർത്തിയായി ഗ്രിഡ് കണക്ഷന് വേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ്. |
| (സി) | സൗരോർജ്ജം വികസിപ്പിക്കുന്നതിനും, പുനരുപയോഗ ഊർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സൗരോർജ്ജം വികസിപ്പിക്കുന്നതിനും സംസ്ഥാന വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഊർജ്ജ കേരളാ മിഷനിലൂടെ 1000 മെഗാവാട്ട് ഉത്പാദനശേഷി കൈവരിക്കുന്നതിനുള്ള സൗരോർജ്ജ പദ്ധതി കെ.എസ്.ഇ.ബി.എൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർപാർക്ക്, സ്വകാര്യ സംരഭകർ, ഫ്ലോട്ടിംഗ് സോളാർ |

| | | | |
|---|---|---|---|
| | | | എന്നിവയിൽ നിന്നും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സൗര ഫേസ് I പ്രോഗ്രാം: – 200 മെഗാവാട്ട് പദ്ധതിയിൽ ഏകദേശം 5000 ഉപഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട് (46.5 മെഗാവാട്ട്). ഇതിൽ നിന്നും 24 മെഗാവാട്ടിന്റെ work order നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഡിസംബർ 2021 ഓടു കൂടി പൂർത്തീകരി ക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ബാക്കി ശേഷിയുടെ നൽകാനുള്ള work order നടപടികൾ പുരോഗമിച്ചു വരുന്നു. സൗര ഫേസ് II സബ്സിഡി പ്രോഗ്രാം - ന്റെ 12.5 മെഗാവാട്ട് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു വരുന്നു. ഡിസംബർ 2021 ഓടു കൂടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ബാക്കിയുള്ള 16500 അപേക്ഷകരിന്മേൽ ഇതിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി (118 മെഗാവാട്ട്), ഏഴ് കമ്പനികളെ തിരഞ്ഞെടുത്ത് തുടർ നടപടികൾ നടത്തിവരുന്നു. 2022, മാർച്ച് 31 ന് പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആയതിനുള്ള തുടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അനെർട്ട് മുഖേന അക്ഷയ ഊർജ്ജപദ്ധതികൾ നടപ്പിലാക്കുക വഴി കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാക്കുകയും ഹരിത ഊർജ്ജ രൂപങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുകവഴി പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ഉപയോഗം വർധിപ്പിക്കുക വഴി കൃഷി ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ ഉത്പന്നങ്ങൾക്ക് മൂല്യ വർദ്ധനയും അധിക വരുമാനവും ജീവിത നിലവാരം മെച്ചപ്പെടുത്തുകയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഹൈഡ്രോജൻ ഇന്ധനം ഉൾപ്പെടെയുള്ള ആധുനിക ഊർജോല്പാദന മാർഗങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. സൗരോർജ്ജ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിലേക്കായി അനെർട്ട് വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട് . ഇവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു: 1 . ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകികൊണ്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ 2 . സർക്കാർ സ്ഥാപനങ്ങളുടെ സൗരവൈദ്യുതീകരണം 3 . കാർഷിക പമ്പുകളുടേയും മറ്റു അനുബന്ധ ഉപകരണങ്ങളുടെയും സൗര വൽക്കരണം . 4 . സാധ്യതയുള്ള ഇലക്ട്രിക് വാഹന ചാർജിങ്ങ് സ്റ്റേഷനുകളിൽ സോളാർ പ്ലാൻറ് സ്ഥാപിക്കുക. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കെ.എസ്.ഇ.ബി.എൽ-ന്റെ നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | മെഗാ വാട്ട് | മി.യൂണിറ്റ് | ജില്ല | നിയോജക മണ്ഡലം | നദി | പണി പൂർത്തികരിച്ച (%) | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തിയതി | |
|---|---|---|---|---|---|---|---|---|---|
| 1 | ഭൂതത്താൻ കെട്ട് | 24 | 83.5 | എറണാകുളം | കോതമംഗലം | പെരിയാർ | 94% | 31/08/2021 | |
| 2 | അപ്പർകല്ലാർ | 2 | 5.14 | ഇടുക്കി | ദേവികുളം | പൂയംകുട്ടി | 91% | 31/07/2021 | |
| 3 | പൊരിങ്ങൽ കുത്ത് | 24 | 45.02 | തൃശ്ശൂർ | ചാലക്കുടി | ചാലക്കുടി | 86% | 31/12/2021 | |
| 4 | തൊട്ടിയാർ | 40 | 99 | ഇടുക്കി | ദേവികുളം | ദേവികുളം | 70% | 31/12/2021 | |
| 5 | ചാത്തൻകോട്ടുനട –II | 6 | 14.76 | കോഴിക്കോട് | കോഴിക്കോട് | കുറ്റിയാടി | 99.87% | 31/08/2021 | 21/06/2021 മുതൽ വൈദ്യുതോല്പാദനം ആരംഭിച്ചു. |
| 6 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 | 153.9 | ഇടുക്കി | ദേവികുളം | മുതിരപ്പുഴ | 89% | 31/03/2022 | |
| 7 | പെരുവണ്ണാമുഴി | 6 | 24.7 | കോഴിക്കോട് | കോഴിക്കോട് | കുറ്റിയാടി | 53% | 31/03/2023 | |
| 8 | പഴശ്ശിസാഗർ | 7.5 | 25.8 | കണ്ണൂർ | മട്ടന്നൂർ | വളപട്ടണം | 31% സിവിൽ ജോലി | 20/02/2023 | |
| 9 | ചെങ്കുളം ആഗ്മെന്റേഷൻ | | 85 | ഇടുക്കി | ദേവികുളം | മുതിരപ്പുഴ | 75% | 31/10/2024 | |
| 10 | ചിന്നാർ (phase -I) | 24 | 76.45 | ഇടുക്കി | ഇടുക്കി | പെരിഞ്ഞാൻകുട്ടി | 95.54% | 30/06/2022 | |
| | **ആകെ** | **193.50 MW** | **613.27 MU** | | | | | | |

**അനുബന്ധം**

## കെ.എസ്.ഇ.ബി.എൽ-ന്റെ നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | മെഗാവാട്ട് | മീ.യൂണിറ്റ് | ജില്ല | നിയോജക മണ്ഡലം | നദി | പണി പൂർത്തി കരിച്ച (%) | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തിയതി | |
|---|---|---|---|---|---|---|---|---|---|
| 1 | ഭൂതത്താൻ കെട്ട് | 24 | 83.5 | എറണാകുളം | കോതമംഗലം | പെരിയാർ | 94% | 31/08/2021 | |
| 2 | അപ്പർകല്ലാർ | 2 | 5.14 | ഇടുക്കി | ദേവികുളം | പൂയംകുട്ടി | 91% | 31/07/2021 | |
| 3 | പൊരിങ്ങൽ കുത്ത് | 24 | 45.02 | തൃശ്ശൂർ | ചാലക്കുടി | ചാലക്കുടി | 86% | 31/12/2021 | |
| 4 | തൊട്ടിയാർ | 40 | 99 | ഇടുക്കി | ദേവികുളം | ദേവികുളം | 70% | 31/12/2021 | |
| 5 | ചാത്തൻകോട്ടു നട –II | 6 | 14.76 | കോഴിക്കോട് | കോഴിക്കോട് | കുറ്റിയാടി | 99.87% | 31/08/2021 | 21/06/2021 മുതൽ വൈദ്യ-തോല്പാദനം ആരംഭിച്ചു. |
| 6 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 | 153.9 | ഇടുക്കി | ദേവികുളം | മുതിരപ്പുഴ | 89% | 31/03/2022 | |
| 7 | പെരുവണ്ണാമുഴി | 6 | 24.7 | കോഴിക്കോട് | കോഴിക്കോട് | കുറ്റിയാടി | 53% | 31/03/2023 | |
| 8 | പഴശ്ശിസാഗർ | 7.5 | 25.8 | കണ്ണൂർ | മട്ടന്നൂർ | വളപട്ടണം | 31% സിവിൽ ജോലി | 20/02/2023 | |
| 9 | ചെങ്കുളം ആഗ്മെന്റേഷൻ | | 85 | ഇടുക്കി | ദേവികുളം | മുതിരപ്പുഴ | 75% | 31/10/2024 | |
| 10 | ചിന്നാർ (phase -I) | 24 | 76.45 | ഇടുക്കി | ഇടുക്കി | പെരിഞ്ഞാൻകുട്ടി | 95.54% | 30/06/2022 | |
| | **ആകെ** | **193.50 MW** | **613.27 MU** | | | | | | |